# കേരള സർക്കാർ

## സംഗ്രഹം

സ്റ്റോഴ്സ് പർച്ചേസ് വകുപ്പ്—വജ്രകേരളം പരിപാടിയുടെ ഭാഗമായി ക്വയിലോൺ ആഡ് ഏജൻസി ഹോർഡിംഗുകൾ സ്ഥാപിച്ചതിൽ വ്യാപകമായ പരാതിയും ക്രമക്കേടുകളും ഉള്ളതായി ബോധ്യപ്പെട്ടതിനാൽ ക്വയിലോൺ ആഡ് എന്ന സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി—ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## സ്റ്റോഴ്സ് പർച്ചേസ് (എ) വകുപ്പ്

സ. ഉ. (സാധാ.) നമ്പർ 30/2019/എസ്.പി.ഡി. *തിരുവനന്തപുരം, 2019 ജൂലൈ 6.*

---

പരാമർശം:—1. സ. ഉ. (എംഎസ്.) നമ്പർ 418/2016/ഐ. ആന്റ് പി.ആർ. തീയതി 31-10-2016.

2. ഉത്തരവ് നമ്പർ 26613/സി1/2016/ഐ. ആന്റ് പി.ആർ. തീയതി 23-3-2017.

3. ക്വയിലോൺ ആഡ്-ന്റെ 3-4-2017-ലെ നിവേദനം.

## ഉത്തരവ്

കേരള സംസ്ഥാന രൂപീകരണത്തിന്റെ 60 വർഷങ്ങൾ ആഘോഷിക്കുന്നതിന്റെ ഭാഗമായി 'വജ്രകേരളം' എന്ന പേരിൽ 2016 നവംബർ 1 മുതൽ ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടിയുടെ ഉദ്ഘാടനത്തിന് മുന്നോടിയായി സംസ്ഥാനത്തെ 14 ജില്ലകളിലുമായി 100 സ്ഥലങ്ങൾ വ്യക്തമായി നിർദ്ദേശിച്ച് ഫ്ളക്സ് ബോർഡുകളിൽ പരസ്യം പ്രദർശിപ്പിക്കുന്നതിന് തീരുമാനിക്കുകയും ആയതിന് ഏറ്റവും കുറഞ്ഞ നിരക്ക് ഉദ്ധരിച്ച 'ക്വയിലോൺ ആഡ്' എന്ന ഏജൻസിക്ക് പരാമർശം (1) പ്രകാരം അനുമതി നൽകുകയും ചെയ്തു.

GCPT. 3/2356/2019/S-12.

2. ക്വയിലോൺ ആഡ് ഹോർഡിംഗുകൾ സ്ഥാപിച്ചതിൽ വ്യാപകമായ പരാതിയും ക്രമക്കേടുകളും ഉള്ളതായി പ്രഥമദൃഷ്ട്യാ ബോധ്യമായതിനാൽ ഹോർഡിംഗ്സ് സ്ഥാപിച്ചത് പരിശോധിക്കുന്നതിനായി അഡീഷണൽ ഡയറക്ടർ (ജനറൽ), അഡീഷണൽ ഡയറക്ടർ (ഇ.എം.ഡി.), ഡെപ്യൂട്ടി ഡയറക്ടർ (പരസ്യം), ഡെപ്യൂട്ടി ഡയറക്ടർ (എഫ്.പി.), ഡെപ്യൂട്ടി സെക്രട്ടറി, ഇൻഫർമേഷൻ ഓഫീസർ (എഫ്.പി.) എന്നിവർ അംഗങ്ങളായ സമിതി യോഗം ചേർന്ന് പരാമർശം (1) ഉത്തരവ് പ്രകാരം ഹോർഡിംഗുകൾ സ്ഥാപിക്കുവാൻ നിർദ്ദേശം നൽകിയ സ്ഥലങ്ങളിൽ ഹോർഡിംഗുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത സ്ഥലങ്ങളിലെ ഹോർഡിംഗുകൾക്ക് മാത്രം പ്രതിഫലം അനുവദിക്കാനും ഉത്തരവിൽ ഇല്ലാത്ത മറ്റ് സ്ഥലങ്ങളിലേയും ഉത്തരവിലുള്ള സ്ഥലങ്ങളിൽ ഫ്ളക്സ് വലിച്ചുകെട്ടിയ സ്ഥലങ്ങളെയും ഒഴിവാക്കി ടി സ്ഥാപനത്തിന് പ്രതിഫലം അനുവദിക്കാൻ തീരുമാനിക്കുകയും പരാമർശം (2) പ്രകാരം 12,67,784 രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

3. തുടർന്ന് പരാമർശം (3)-ന്റെ അടിസ്ഥാനത്തിൽ സമിതി അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ പരാതിക്കാരനെ നേരിട്ടുകേൾക്കുകയും പരാതിക്കാരന്റെ വാദങ്ങൾ വ്യക്തമാക്കി വിശദീകരണം നൽകാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. ക്വയിലോൺ ആഡ് സമർപ്പിച്ച വിശദീകരണം സമിതി കൂടി പരിശോധിച്ച് ചുവടെ ചേർക്കുന്ന വിലയിരുത്തലിൽ എത്തിച്ചേർന്നു:

(a) സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ ഏജൻസി സ്വന്തം ഇഷ്ടപ്രകാരം സർക്കാർ നിർദ്ദേശിച്ച സ്ഥലങ്ങളിൽനിന്ന് മാറ്റി ഹോർഡിംഗ്സുകൾ സ്ഥാപിച്ചത് 31-10-2016-ലെ 418/2016/ഐ. ആന്റ് പി.ആർ.ഡി. ഉത്തരവിന്റെ ലംഘനമാണ്.

(b) പല ഇടങ്ങളിലും ഒരു സർക്കാർ പരസ്യം ഉൾക്കൊള്ളേണ്ടുന്ന ഗൗരവം പാലിക്കാതെ വലിച്ചുകെട്ടിയ നിലയിൽ പരസ്യം സ്ഥാപിച്ചതായി സ്ഥാപനം രണ്ടാമത് നൽകിയ ഫോട്ടോയിലും വ്യക്തമാണ്. കോട്ടയം ജില്ലയിൽ കോട്ടയം ടൗൺ (നമ്പർ 1), മണർക്കാട് (നമ്പർ 3) എന്നിവിടങ്ങളിൽ സ്ഥാപിച്ചതായി കാണിക്കുന്ന രണ്ട് ഫോട്ടോകളുടേയും ലൊക്കേഷനുകൾ ഒന്നാണ്.

(c) ഇക്കാരണത്താൽ 31-10-2016-ലെ 418/2016/ഐ. ആന്റ് പി.ആർ.ഡി. നമ്പർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരമല്ലാതെ സ്ഥാപിച്ച ബോർഡുകൾക്ക് 50% തുകയും സർക്കാർ നിർദ്ദേശിച്ച വിധമല്ലാതെ ഫ്ളക്സ് വലിച്ചുകെട്ടിയ സ്ഥലങ്ങളിലെ ബോർഡുകൾക്ക് 25% തുകയും ഒരേ ഫോട്ടോ ആവർത്തിച്ചു

നൽകിയവയ്ക്കും പരാതി പ്രകാരം നീക്കം ചെയ്തവയ്ക്കും സർക്കാർ ക്യാമ്പയിന് അനുകൂലമല്ലാത്ത വിധം ഹോർഡിംഗ്സിന് പാകമല്ലാത്ത തരത്തിൽ വികലമായ രീതിയിൽ സ്ഥാപിച്ച ഫ്ളക്സുകൾക്കും തുക ഒഴിവാക്കാൻ തീരുമാനിച്ചു.

4. സ്റ്റോഴ്സ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 5.25 പ്രകാരം ക്വയിലോൺ ആഡ്സിന് നൽകിയ കാരണം കാണിക്കൽ നോട്ടീസിന് മറുപടിയായി അവർ നൽകിയ വിശദീകരണത്തിൽ ടെണ്ടർ നോട്ടിഫിക്കേഷനിൽ ഹോർഡിംഗ് സ്ഥാപിക്കാനുള്ള സ്ഥലം നിശ്ചയിച്ച് നൽകിയിരുന്നില്ല എന്ന് പറയുന്നെങ്കിലും ക്വയിലോൺ ആഡ്-ന്റെ മറുപടിയിൽ അവർ തന്ന സ്ഥലങ്ങളുടെ പട്ടിക സർക്കാർ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 1-6-2017-ൽ ഫോട്ടോകൾ സഹിതം നൽകിയ വിശദീകരണത്തിൽ ഹോർഡിംഗ് സ്ഥാപിക്കാൻ സർക്കാർ നൽകിയ ലൊക്കേഷൻ, വ്യത്യാസം വന്ന ലൊക്കേഷനുകൾ എന്ന് അക്കമിട്ട് നിരത്തി വിശദീകരിച്ചിട്ടുണ്ട്. ഇത് പരസ്പര വിരുദ്ധമായ മറുപടിയാണ്. പരാമർശം (1)-ലെ ഉത്തരവിൽ ഹോർഡിംഗ് സ്ഥാപിക്കേണ്ടുന്ന സ്ഥലങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരുന്നു. അതിൽ മാറ്റം വരുത്തുന്നതിന് സർക്കാരിൽനിന്ന് നിർദ്ദേശം ഒന്നും നൽകിയിട്ടില്ല.

5. കോട്ടയം, മണർക്കാട് എന്നിവിടങ്ങളിൽ സ്ഥാപിച്ചതായി ക്വയിലോൺ ആഡ് വകുപ്പിൽ നൽകിയ ഫോട്ടോകൾ പരിശോധിച്ചതിൽ അവ ഒന്നാണെന്നും ഒരു സർക്കാർ പരസ്യം ഉൾക്കൊള്ളേണ്ടുന്ന ഗൗരവം പാലിക്കാതെ വലിച്ചുകെട്ടിയ നിലയിലാണ് പല ഇടങ്ങളിലും പരസ്യം സ്ഥാപിച്ചിട്ടുള്ളതെന്നും വ്യക്തമാണ്. കോട്ടയം ജില്ലയിൽ കോട്ടയം ടൗൺ (നമ്പർ 1), മണർക്കാട് (നമ്പർ 3) എന്നിവിടങ്ങളിൽ സ്ഥാപിച്ചതായി കാണിച്ചിട്ടുള്ള രണ്ട് ഫോട്ടോകളുടേയും ലൊക്കേഷൻ ഒന്ന് തന്നെയാണ്.

6. ക്വയിലോൺ ആഡ്സിനു നൽകിയ കാരണം കാണിക്കൽ നോട്ടീസിന് അവർ നൽകിയ മറുപടിയിൽ പരാതിക്കാരനെ നേരിട്ടു കേൾക്കുന്നതിനും തെളിവുകൾ ഹാജരാക്കുന്നതിനും അവസരം നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. ആയതുപ്രകാരം 23-2-2019, 11 a.m.-ന് മാനേജിംഗ് ഡയറക്ടർ, ക്വയിലോൺ ആഡ്-നെ നേരിൽ കേൾക്കുകയുണ്ടായി.

7. നേർക്കാഴ്ച്ചാവേളയിൽ ടി സ്ഥാപനത്തിനെതിരായ ആരോപണങ്ങൾ നിരസിക്കുകയും ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ വ്യക്തമാക്കി നിർദ്ദേശം നൽകിയ ലിസ്റ്റുപ്രകാരമുള്ള സ്ഥലങ്ങൾ പി.ആർ.ഡി. അംഗീകരിച്ചു നൽകിയതായും ആയത് പ്രകാരമാണ് ഹോർഡിംഗുകൾ സ്ഥാപിച്ചതെന്നും ഹോർഡിംഗുകൾ സ്ഥാപിക്കുന്ന സ്ഥലങ്ങളിൽ മാറ്റങ്ങൾ

ഉണ്ടാകാമെന്ന് സൂചിപ്പിച്ചിരുന്നതായും ആയതിന് വകുപ്പിൽനിന്നും മറുപടി ഒന്നും നൽകിയിട്ടില്ലെന്നും ബോധിപ്പിച്ചു. കൂടാതെ ഹോർഡിംഗുകളും ആയത് സ്ഥാപിച്ച സ്ഥലങ്ങളും ജില്ലാ പി.ആർ.ഡി. ഉദ്യോഗസ്ഥർ പരിശോധിച്ച് അംഗീകരിച്ച് സർട്ടിഫിക്കറ്റ് നൽകിയെന്നും ക്വയിലോൺ' ആഡ് -ന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടില്ലെന്നും ആയതിനാൽ ലഭിക്കാനുള്ള ബാക്കി തുകയായ 18,50,000 രൂപ എത്രയും വേഗം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചു.

8. എന്നാൽ കേരളത്തിലെ 14 ജില്ലകളിലായി 100 സ്ഥലങ്ങളിൽ ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുന്നതിന് ക്വയിലോൺ ആഡ് എന്ന സ്ഥാപനത്തിന് അനുമതി നൽകി പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിൽ ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കേണ്ട ലൊക്കേഷനുകൾ അനുബന്ധമായി ചേർത്തിരുന്നു. ആയതിന് വിരുദ്ധമായി സർക്കാർ അനുമതി കൂടാതെ മാറ്റം വരുത്തിയതും പല സ്ഥലങ്ങളിലും സർക്കാർ പരസ്യ ബോർഡുകൾ സ്ഥാപിക്കുമ്പോൾ പാലിക്കേണ്ട ഗൗരവം നൽകാതെ വലിച്ചുകെട്ടിയ നിലയിൽ സ്ഥാപിച്ചതും ന്യായീകരിക്കാവുന്നതല്ല. ആയതിനാൽ കരാറുകാരന്റെ വാദഗതികൾ അംഗീകരിക്കാനാവില്ല.

9. സർക്കാർ പരസ്യം നൽകുന്നതിനായി കരാറിൽ ഏർപ്പെടുമ്പോൾ കാണിക്കേണ്ട ഗൗരവം, സൂക്ഷ്മത, കാര്യക്ഷമത, ഉത്തരവാദിത്തം, ഗുണനിലാവാരം, മിതവ്യയത്വം എന്നിവ ഉറപ്പാക്കുന്നതിലും, യഥാർത്ഥ ആവശ്യകതയ്ക്കനുസരിച്ച് കൃത്യമായ മാനദണ്ഡങ്ങൾ പ്രകാരം, ചട്ടങ്ങൾക്ക് വിധേയമായി ഹോർഡിംഗുകൾ സ്ഥാപിക്കുന്നതിലും ക്വയിലോൺ ആഡ് എന്ന സ്ഥാപനത്തിന് വീഴ്ച വന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ക്വയിലോൺ ആഡ് എന്ന സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഉത്തരവ് തീയതി മുതൽ ടി സ്ഥാപനത്തെ സർക്കാർ വ്യാപാര വ്യവഹാരങ്ങളിൽ പങ്കെടുക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നു.

10. സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവ ഉത്തരവ് തീയതി മുതൽ ക്വയിലോൺ ആഡ് എന്ന സ്ഥാപനവുമായി യാതൊരുവിധ വ്യാപാര വ്യവഹാരങ്ങളും നടത്താൻ പാടുള്ളതല്ല.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

മനോജ് ജോഷി,

*അഡീഷണൽ ചീഫ് സെക്രട്ടറി.*

പകർപ്പ്:

എല്ലാ വകുപ്പ് തലവന്മാർ/ഓഫീസുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/സ്വാശ്രയ സ്ഥാപനങ്ങൾ മുതലായവയ്ക്ക്.

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടേയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്ക്.

എല്ലാ ജില്ലാ കളക്ടർമാർക്കും.

ഗ്രാമവികസന കമ്മീഷണർ (എല്ലാ ബ്ലോക്ക് പഞ്ചായത്തുകളെയും അറിയിക്കുന്നതിന്).

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ ഗ്രാമ പഞ്ചായത്തുകളെയും വിവരം അറിയിക്കുന്നതിന്).

ഡയറക്ടർ, നഗര കാര്യവകുപ്പ് (എല്ലാ മുനിസിപ്പാലിറ്റികളേയും കോർപ്പറേഷനുകളേയും അറിയിക്കുന്നതിന്).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരളം, തിരുവനന്തപുരം.

സി-ഡിറ്റ്, ചിറ്റാഴം, ലാവണ്യ ബിൽഡിംഗ്സ്, എസ്.എം.എസ്.എം. ഇൻസ്റ്റിറ്റ്യൂട്ടിന് പിറകുവശം, സ്റ്റാച്യു, തിരുവനന്തപുരം (സർക്കാർ ഉത്തരവ്, സ്റ്റോഴ്സ് പർച്ചേസ് വകുപ്പിന്റെ വെബ് സൈറ്റിൽ ചേർക്കുന്നതിന്).

വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ ഉത്തരവ് സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്).

പബ്ലിക് റിലേഷൻസ് (സി) വകുപ്പ് (നമ്പർ 26613/സി1/2016/ഐ. ആന്റ് പി.ആർ.).

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും.

സ്റ്റോഴ്സ് പർച്ചേസ് (ഐ.ഡബ്ല്യൂ-I ആന്റ് ഐ.ഡബ്ല്യൂ-II) വകുപ്പുകൾക്ക്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (എ3/9/2018/SPD).